**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5586** **08-07-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ട് അപ്പ് ഇൻഫിനിറ്റി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസി യുവസംരംഭകർക്കായി ആരംഭിച്ച സ്റ്റാർട്ട് അപ്പ് ഇൻഫിനിറ്റി പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി അറിയിക്കാമോ; | (എ) | കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പുകൾക്ക് വിദേശ രാജ്യങ്ങളിൽ ബിസിനസ്സ് ലഭ്യമാക്കുന്നതിനുള്ള ലോഞ്ച് പാഡായി പ്രവർത്തിക്കുക, ഉയർന്ന ശേഷിയുള്ള വിദേശ ഇന്ത്യാക്കാരിൽ നിന്നും നിക്ഷേപം ലഭ്യമാക്കുക, സ്റ്റാർട്ടപ്പ് ആരംഭിക്കുന്നതിനുദ്ദേശിക്കുന്ന വിദേശ മലയാളികൾക്ക് സഹായം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ആദ്യ സെന്റർ ദുബായിൽ ഇതിനോടകം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 10 സീറ്റുകളുള്ള സെന്ററിന്റെ പ്രയോജനം ഇതിനോടകം 15 സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമായിട്ടുണ്ട്. അടുത്ത സെന്റർ ബെൽജിയത്തിലാരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്. മറ്റ് രാജ്യങ്ങളിലും സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതോ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ളതോ ആയ എത്ര സ്റ്റാർട്ട് അപ്പുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ഈ പദ്ധതിയിൽ താത്പര്യം പ്രകടിപ്പിച്ചത് ഏകദേശം 50 സ്റ്റാർട്ടപ്പുകളാണ്. ഇതിൽ 15 സ്റ്റാർട്ടപ്പുകൾ ഇതിനോടകം പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ